**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ 3773 — 24.06.2014-ലെ മറുപടിയ്ക്ക്

## സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ | ശ്രീ.സി.എൻ.ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ എല്ലാ നിയമസഭാ മണ്ഡലങ്ങളിലും സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ അനുവദിച്ചിട്ടുണ്ടോ; | (എ) അനുവദിച്ചിട്ടുണ്ട്. |
| (ബി) സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾ ലാഭകരമായിട്ടാണോ പ്രവർത്തിക്കുന്നത് എന്ന് വ്യക്തമാക്കുമോ; | (ബി) സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകളിൽ എട്ടെണ്ണം ലാഭകരമായി പ്രവർത്തിക്കുന്നു. |
| (സി) പ്രസ്തുത സ്റ്റോറുകൾ നോ പ്രോഫിറ്റ് നോ ലോസ് വ്യവസ്ഥയിൽ നടത്തുന്നതിന് എത്ര തുക വിറ്റുവരവ് ലഭിക്കണമെന്ന് കണക്കാക്കിയിട്ടുണ്ടോ; | (സി) യും (ഡി) യും ശരാശരി 25000/- രൂപയ്ക്ക് മുകളിൽ പ്രതിദിന വിറ്റുവരവ് ലഭിക്കുകയാണെങ്കിൽ മൊബൈൽ ത്രിവേണികൾ ലാഭകരമാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. റാന്നി, കോന്നി, കുട്ടനാട്, കൊയിലാണ്ടി, വടകര, കൊടുവള്ളി, കുന്ദമംഗലം, ദേവികുളം എന്നീ നിയോജക മണ്ഡലങ്ങളിലെ മൊബൈൽ ത്രിവേണികളിൽ കണക്കാക്കിയ വിറ്റുവരവ് ലഭിക്കുന്നുണ്ട്. |
| (ഡി) ഉണ്ടെങ്കിൽ എത്ര തുകയാണെന്നും പ്രസ്തുത തുക സംസ്ഥാനത്തെ ഏതെല്ലാം നിയോജക മണ്ഡലങ്ങളിലെ സഞ്ചരിക്കുന്ന ത്രിവേണി സ്റ്റോറുകൾക്കാണ് ലഭിച്ചിരിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ? | |

സെക്ഷൻ ഓഫീസർ